**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023–2026)**

**മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019–21)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ (തീരദേശ ഹൈവേ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ]**

(2026 ഫെബ്രുവരി മാസം 24–ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023-2026)**

**മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

**[എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ (തീരദേശ ഹൈവേ സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട് ]**

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | : | |
| മുഖവുര | : | |
| അദ്ധ്യായം I: | | |
| റിപ്പോർട്ട് | : | 1 |
| അദ്ധ്യായം II: | | |
| ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | : | 1 |
| അദ്ധ്യായം III: ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധികവിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തതുമായവ | : | 12 |
| അനുബന്ധം : | | |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2023–2026)

## ഘടന

**<u>ചെയർപേഴ്സൺ</u>**

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

**<u>അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി. പി. ചിത്തരഞ്ജൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി–ഇൻ–ചാർജ്ജ്

ശ്രീ. ആർ. എസ്. സന്തോഷ്കുമാർ , ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ജയകുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

## മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-2026)യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് (തീരദേശ ഹൈവേ സംബന്ധിച്ച്) 2020 ഫെബ്രുവരി മാസം 11-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 20 ശിപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും സമിതി ആരാഞ്ഞ അധികവിവരത്തിന്മേൽ ഇനിയും മറുപടി ലഭ്യമാക്കാനുള്ളവയും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 23-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

## റിപ്പോർട്ട്
## അദ്ധ്യായം I

പതിനാലാം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് (തീരദേശ ഹൈവേ സംബന്ധിച്ച് ) 11.02.2020-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ 23 ഖണ്ഡികകളിലായി ആകെ 20 ശിപാർശകളാണുണ്ടായിരുന്നത്.

ശിപാർശകളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിന് റിപ്പോർട്ടിന്റെ പകർപ്പ് 16.03.2020-ന് സർക്കാരിലേയ്ക്ക് അയച്ചുകൊടുത്തു. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന സമാഹൃത കുറിപ്പുകൾ 17.09.2021, 12.08.2022, 12.01.2024, 05.05.2025, 10.07.2025, 23.10.2025, 23.02.2026 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2019-21)യുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടികളിൽ സമിതി അംഗീകരിച്ചവയും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതി ശിപാർശകളിന്മേലും, സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ പരിഗണിച്ചവയിൽ സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേലും ഇനിയും സർക്കാർ മറുപടി ലഭ്യമാക്കാത്തവ അദ്ധ്യായം III-ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആയതിന്മേൽ അനന്തരനടപടി സ്വീകരിച്ച് സമിതിയെ അറിയിക്കേണ്ടതാണ്.

## അദ്ധ്യായം II

### ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ
### [ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്]

### ശിപാർശ 1 (ഖണ്ഡിക 3)

തീരദേശ ഹൈവേ നിർമ്മാണത്തിനായുള്ള ഫണ്ട് കണ്ടെത്തുക എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. നാറ്റ്പാക്ക് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം തീരദേശ പാതയുടെ നീളം 655.60 കിലോമീറ്ററും ആയതിന് വേണ്ടിവരുന്ന ചെലവ് 6048 കോടി രൂപയുമാണ്. സംസ്ഥാനത്തെ തീരദേശ പാതയുടെ നിർമ്മാണം കിഫ്ബി മുഖാന്തരം ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനായി 6500 കോടി രൂപയ്ക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തീരദേശ ഹൈവേ കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഒൻപത് ജില്ലകളിൽ കൂടി കടന്നുപോകുന്നതും വല്ലാർപാടം, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളെയും മറ്റനേകം ചെറിയ തുറമുഖങ്ങളെയും ബന്ധിപ്പിച്ചു കൊണ്ടുള്ളതുമാണ്. കേരളത്തിലെ തുറമുഖങ്ങളെ പരസ്പരം ബന്ധപ്പിക്കുന്നതിനായി തീരദേശ ഹൈവേയുടെ രൂപരേഖയിൽ ഉൾപ്പെട്ടുവരുന്ന സംസ്ഥാനപാത 'ഭാരത്മാല പരിയോജന' പോലെയുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി കേന്ദ്ര ഗവൺമെന്റിൽ നിന്നും പരമാവധി ഫണ്ട് നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

<u>പൊതുമരാമത്ത് (ജി) വകുപ്പ്</u>

തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്ന ആലപ്പുഴ, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ചില ഭാഗങ്ങൾ കേന്ദ്ര സർക്കാർ, NHAI (National Highways Authority of India) വഴി നടപ്പിലാക്കുന്ന പോർട്ട് കണക്ടിവിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പ്രധാന തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത പ്രവർത്തിയിൽ നിന്ന് തീരദേശ ഹൈവേയുടെ അലൈൻമെന്റിലെ ഭാഗങ്ങൾ പിന്നീട് ഒഴിവാക്കപ്പെടുകയും ആ ഭാഗങ്ങളിലെ പദ്ധതി നിർവഹണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ പ്ലാൻ, ഡി.പി.ആർ. എന്നിവ നിലവിൽ സംസ്ഥാന പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി NATPAC (National Transportation Planning and Research Centre) തയ്യാറാക്കി വരുകയും ചെയ്യുന്നു.

<u>ശിപാർശ 2 (ഖണ്ഡിക 4)</u>

പദ്ധതിയ്ക്കായി സ്ഥലമേറ്റെടുക്കുക എന്നത് റോഡ് നിർമ്മാണ പ്രവർത്തനത്തിലെ പ്രധാന വെല്ലുവിളിയാണ്. സ്ഥലം ഏറ്റെടുക്കലിനായി നഷ്ടപരിഹാരത്തുക നിശ്ചയിക്കുമ്പോൾ വ്യത്യസ്തമായ നിലപാട് കളക്ടർമാർ സ്വീകരിക്കുന്നു എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ <u>ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ എല്ലാ കളക്ടർമാർക്കും നൽകേണ്ടതാണെന്നും പൊതുവായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>റവന്യൂ (ബി) വകുപ്പ്</u>

വിവിധ സർക്കാർ പദ്ധതികൾക്കായി സ്ഥലമെടുക്കുമ്പോൾ പൊതുവായ മാനദണ്ഡപ്രകാരമാണ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കുന്നത്. RFCTLARR (Right Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) Act സെക്ഷൻ 26 (1) (b) പ്രകാരവും 23.09.2019-ലെ REV-B2/168/2019/REV നമ്പർ സർക്കുലർ പ്രകാരവുമാണ് സ്ഥലത്തിന്റെ കമ്പോള വില നിലവിൽ നിശ്ചയിക്കുന്നത്. കൂടാതെ ഏറ്റെടുക്കുന്ന സ്ഥലത്തെ വൃക്ഷങ്ങളുടെ വില സോഷ്യൽ ഫോറസ്റ്ററി ഡിപ്പാർട്ട്മെന്റും കാർഷിക വിളകളുടെ വില നിർണയം കൃഷി വകുപ്പ് മുഖേനയും കെട്ടിടങ്ങളുടെ വില നിർണയം അർത്ഥനാധികാരി മുഖാന്തരമോ പൊതുമരാമത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖാന്തരമോ ആണ് നിലവിൽ നിശ്ചയിക്കുന്നത്. കൂടാതെ തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് മൂലം ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് 10.03.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം. 50/2023/റവ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

<u>ശിപാർശ 3 (ഖണ്ഡിക 5)</u>

ഭൂമി ഏറ്റെടുക്കുന്ന സമയത്ത് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത് ഒറ്റത്തവണ തീർപ്പാക്കലായാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർ മറ്റൊരു സ്ഥലത്തേയ്ക്ക് താമസം മാറിപ്പോകേണ്ടതായ സാഹചര്യമുണ്ടാവുകയാണെങ്കിൽ അവരുടേയും വരുംതലമുറയുടേയും ജീവനോപാധിയ്ക്ക് മാറ്റമുണ്ടാകുന്ന സാഹചര്യവും നിലനിൽക്കുന്നുണ്ട്. <u>ടി വസ്തുത കൂടി കണക്കിലെടുത്ത് നഷ്ടപരിഹാരത്തുക നിശ്ചയിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (ബി) വകുപ്പ്

തീരദേശ ഹൈവേ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമേറ്റെടുക്കൽ മൂലം ബാധിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രത്യേക പാക്കേജ് അനുവദിച്ച് കൊണ്ട് 10.03.2023 തീയതിയിൽ സ.ഉ.(കൈ)നം.50/2023/റവ. നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഇപ്രകാരം തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് മൂലം കുടിയൊഴിപ്പിക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 2013-ലെ LARR നിയമത്തിലെ 108-ാം വകുപ്പിൽ നിൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ചാണ് സർക്കാർ പ്രത്യേക പുനരധിവാസ, പുന:സ്ഥാപന പാക്കേജിന് അംഗീകാരം നൽകി ഉത്തരവായിട്ടുള്ളത്. ഭൂമിയുടെ വില നിർണ്ണയം, കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം, ഭവന യൂണിറ്റുകൾ അനുവദിക്കുന്നത് എന്നിവ ഒഴികെ LARR ആക്റ്റ് 2013-ലെ ഷെഡ്യൂൾ 1-ൽ നൽകിയിരിക്കുന്ന എല്ലാ നിയമാനുസൃത ആനുകൂല്യങ്ങളും, 29.12.2017 തീയതിയിലെ സ.ഉ.(കൈ.)നം.448/2017/റവ. പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന പുനരധിവാസ പോളിസി പ്രകാരമുള്ള ആനുകൂല്യങ്ങളും ടി ഗുണഭോക്താക്കൾക്ക് ബാധകമാണ്.

### ശരിയായ രേഖ കൈവശമുള്ള ഗുണഭോക്താക്കൾക്ക് നൽകുന്ന നഷ്ടപരിഹാരം

**a) കെട്ടിടം ഏറ്റെടുക്കുന്നതിന് നൽകുന്ന നഷ്ടപരിഹാരം**

നഷ്ടപരിഹാരം = പി.ഡബ്ല്യൂ.ഡി. നിയമ പ്രകാരം കെട്ടിടത്തിന് നിർണയിച്ച വില (അതായത് റീപ്ലേസ്മെന്റ് മൂല്യം - ഡിപ്രീസിയേഷൻ തുക) + സൊലേഷ്യം + ഡിപ്രിസിയേഷൻ തുക

**b) ഭൂമി ഏറ്റെടുക്കുന്നതിന് നൽകുന്ന നഷ്ടപരിഹാരം**

ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് ജില്ലാ കളക്ടറുമായി ചർച്ച നടത്താവുന്നതും, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി (SLEC) പരിഗണിക്കുന്ന ന്യായമായ നഷ്ടപരിഹാരം ജില്ലാ കളക്ടർക്ക് നിശ്ചയിക്കാവുന്നതുമാണ് (2013-ലെ LARR നിയമത്തിലെ 108-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം).

**c) പുനരധിവാസവും പുന:സ്ഥാപനവും**

നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ച് കൊണ്ട് ബാധിതരായ കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് തിരഞ്ഞെടുക്കാം അല്ലെങ്കിൽ 13 ലക്ഷത്തിന്റെ ഒറ്റത്തവണ സെറ്റിൽമെന്റ് തുക (സ.ഉ.(കൈ.)നം.448/2017/റവ. പ്രകാരമുള്ള മൂന്ന് ലക്ഷം രൂപ + പ്രത്യേക എൽ.എ. പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 ലക്ഷം രൂപ) അനുവദിച്ച് നൽകാവുന്നതാണ്.

### ഭൂമിയ്ക്ക് മതിയായ രേഖകളില്ലാത്ത ഗുണഭോക്താക്കൾക്ക് നൽകുന്ന നഷ്ടപരിഹാരം

**a) കെട്ടിടം ഏറ്റെടുക്കുന്നതിന് നൽകുന്ന നഷ്ടപരിഹാരം**

കെട്ടിടങ്ങളുടെ കാലപ്പഴക്കം പരിഗണിക്കാതെ വില നിർണ്ണയം നടത്തി നഷ്ടപരിഹാരം അനുവദിക്കാവുന്നതാണ്.

**b) പുനരധിവാസവും പുനഃസ്ഥാപനവും**

നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ച് കൊണ്ട് ദുരിതബാധിതരായ കുടുംബങ്ങൾക്ക് 600 ചതുരശ്ര അടി ഫ്ലാറ്റ് തിരഞ്ഞെടുക്കാം അല്ലെങ്കിൽ 13 ലക്ഷത്തിന്റെ ഒറ്റത്തവണ സെറ്റിൽമെന്റ് തുക

(സ.ഉ.(കൈ)നം.448/2017/റവ പ്രകാരമുള്ള മൂന്ന് ലക്ഷം രൂപ + പ്രത്യേക എൽ.എ. പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 ലക്ഷം രൂപ) അനുവദിച്ച് നൽകാവുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

പുനരധിവാസത്തിനാവശ്യമായ സ്ഥലം ഗവൺമെന്റ് കണ്ടെത്തി 750 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്നതിനും പുതിയ ഫ്ലാറ്റിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതുവരെ തീരദേശത്ത് നിന്നും ഒഴിപ്പിക്കുന്ന കുടുംബങ്ങൾക്ക് വാടക നൽകുന്നതിനും, പുനരധിവാസത്തിനായി മറ്റ് വകുപ്പുകളുടെ കൈവശമുള്ള കടലോര പ്രദേശത്തെ ഭൂമി വിട്ടു നൽകുന്നതിനും, പകരം പ്രസ്തുത വകുപ്പുകൾക്ക് മറ്റ് പ്രദേശങ്ങളിൽ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനുമായി വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

### റവന്യൂ (ബി) വകുപ്പ്

2013-ലെ RFCTLARR (Right Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) നിയമം നിലവിൽ വന്നതിന് ശേഷം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സ.ഉ. (കൈ) നമ്പർ 448/2017/റവ തീയതി 29.12.2017 പ്രകാരം ഈ ഉത്തരവിന് കീഴിൽ മാത്രമേ പുനരധിവാസ ആനുകൂല്യങ്ങൾ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്ത് ഏറ്റെടുക്കുന്ന എല്ലാ ഭൂമികൾക്കും പൊതുവായി ബാധകമാകുന്നതാണ് ഈ ഉത്തരവെന്നും ടി ഉത്തരവ് പ്രകാരമുള്ള പുനരധിവാസ പാക്കേജിൽ പകരം ഭൂമി അനുവദിക്കുന്നതിന് വ്യവസ്ഥയില്ലാത്തതുമാണ്. തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് മൂലം ബാധിക്കപ്പെട്ട കുടുംബങ്ങൾക്ക് 10.03.2023-ലെ സ.ഉ. (കൈ) നം. 50/2023/റവ ഉത്തരവ് പ്രകാരം പ്രത്യേക പാക്കേജും അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരമാണ് പുനരധിവാസത്തിനും പുനസ്ഥാപനത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നത്. ഇതിനുപരിയായ ബഹു. സമിതി ശിപാർശ ചെയ്തത് പ്രകാരം തുടർ നടപടി സ്വീകരിച്ച് തീരുമാനമെടുക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പായ പൊതുമരാമത്ത് വകുപ്പാണ്. ആയതിനാൽ പ്രസ്തുത ശിപാർശ തുടർനടപടികൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട് എന്ന വിവരം അറിയിച്ചു കൊള്ളുന്നു.

## ശിപാർശ 4 (ഖണ്ഡിക 6)

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ പലവിധത്തിലുള്ള ആശങ്കകൾ ഉണ്ടാകാറുണ്ട്. ഇത്തരത്തിലുള്ള ആശങ്കകൾ ദൂരികരിച്ച് പൊതുജനങ്ങളെക്കൂടി വിശ്വാസത്തിലെടുത്തുവേണം പദ്ധതി നടപ്പിലാക്കേണ്ടത് എന്നതിനാൽ തീരപ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ആവശ്യമായ രീതിയിലുള്ള അദാലത്തുകൾ സംഘടിപ്പിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### പൊതുമരാമത്ത് (ജി) വകുപ്പ്

പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്)-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി.) നിയമിച്ചിട്ടുള്ള പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികളുടെ എസ്.പി.വി. ആയി പൊതുമരാമത്ത് വകുപ്പ് കേരള തീരദേശ വികസന കോർപ്പറേഷനെ (KSCADC) 25.10.2022-ലെ G.O.(Rt.)952/2021/PWD പ്രകാരം നിയോഗിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി കല്ലിട്ടയിടങ്ങളിൽ KSCADC ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിനു പുറമേ സാമൂഹികകാഘാത പഠനവും പബ്ലിക് ഹിയറിങ്ങും നടത്തിയാണ് സ്ഥലം ഏറ്റെടുക്കുക. ഇതിനോടൊപ്പം ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ മുഖാന്തരം പാരിസ്ഥിതിക ആഘാത പഠനവും നടത്തുന്നുണ്ട്.

<u>റവന്യൂ (ബി) വകുപ്പ്</u>

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിന് എൽ.എ.ആർ.ആർ.ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ള എസ്.ഐ.എ. (സാമൂഹ്യാഘാത വിലയിരുത്തൽ പഠനം)-യുടെ ഭാഗമായി പബ്ലിക് ഹിയറിംഗ് നടത്താൻ വ്യവസ്ഥയുണ്ട്.

<u>ശിപാർശ 5 (ഖണ്ഡിക 7)</u>

തീരദേശമേഖല പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതും അവരുടെ തൊഴിലുമായി ബന്ധപ്പെട്ട് വളരെ പ്രാധാന്യമർഹിക്കുന്നതുമായ മേഖലയാണ്. നാടിന്റെ പൊതുവായ വികസനത്തിനാണെങ്കിൽപ്പോലും ഇത്തരത്തിലുള്ള പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ അത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളെയാണ്. കടലുമായി ബന്ധപ്പെട്ടാണ് അവരുടെ ജീവിതം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ <u>ഇത്തരത്തിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ പുനരധിവാസം സംബന്ധിച്ചും സാമൂഹികാഘാതം സംബന്ധിച്ചുമുള്ള പഠനം നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

<u>സർക്കാർ സ്വീകരിച്ച നടപടി</u>

<u>പൊതുമരാമത്ത് (ജി) വകുപ്പ്</u>

പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി.യെ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി.) നിയമിച്ചിട്ടുള്ള പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികളുടെ എസ്.പി.വി. ആയി പൊതുമരാമത്ത് വകുപ്പ് കേരള തീരദേശ വികസന കോർപ്പറേഷനെ (KSCADC) 25.10.2022-ലെ G.O(Rt) 952/2021/PWD പ്രകാരം നിയോഗിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി കല്ലിട്ടയിടങ്ങളിൽ KSCADC ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിനുപുറമേ സാമൂഹികകാഘാത പഠനവും പബ്ലിക് ഹിയറിംഗും നടത്തിയാണ് സ്ഥലം ഏറ്റെടുക്കുക. ഇതിനോടൊപ്പം ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ മുഖാന്തരം പാരിസ്ഥിതിക ആഘാത പഠനവും നടത്തുന്നുണ്ട്.

<u>റവന്യൂ (ബി) വകുപ്പ്</u>

RFCTLARR (Right Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement) ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടത്തുമ്പോൾ വകുപ്പ് 4(1)-ലെ വ്യവസ്ഥകൾ പ്രകാരം സാമൂഹ്യാഘാതപഠനം നടത്തുന്നുണ്ട്. കൂടാതെ തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് മൂലം കുടിയൊഴിപ്പിക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 2013-ലെ LARR നിയമത്തിലെ സെക്ഷൻ 108-ൽ

നൽകിയിരിക്കുന്ന അധികാരങ്ങൾ ഉപയോഗിച്ച് സർക്കാർ പ്രത്യേക പുനരധിവാസ, പുന:സ്ഥാപന പാക്കേജിന് അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. (വിശദാംശം ഖണ്ഡിക 5-ന് മറുപടിയായി പരാമർശിച്ചിട്ടുണ്ട്).

## ശിപാർശ 6 (ഖണ്ഡിക 8)

തീരപ്രദേശം എന്നത് പരിസ്ഥിതി ദുർബ്ബല മേഖലയിൽപ്പെട്ടതാണ്. ഈ ഭാഗത്തുള്ള ഏത് നിർമ്മാണ പ്രവർത്തനവും അവിടുത്തെ ആവാസവ്യവസ്ഥയെ ബാധിക്കുന്നതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ വെള്ളത്തിന്റെ സ്വാഭാവികമായ ഒഴുക്കിന് തടസ്സം സൃഷ്ടിക്കപ്പെടുന്നതാണ്. ആയതിനാൽ തീരദേശം, പൊഴി എന്നീ ഭാഗങ്ങളോട് ചേർന്ന മത്സ്യപ്രജനന കേന്ദ്രങ്ങൾ കുറയുന്നതിനും വിദൂരഭാവിയിൽ മത്സ്യസമ്പത്തും മത്സ്യ സമ്പത്തിന്റെ കയറ്റുമതിയും കുറയുന്നതിനും ഇത് കാരണമായേക്കാവുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എഫ്.ബി.യെ, സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി.) നിയമിച്ചിട്ടുള്ള പദ്ധതിയുടെ റീഹാബിലിറ്റേഷൻ പ്രവൃത്തികളുടെ എസ്.പി.വി. ആയി പൊതുമരാമത്ത് വകുപ്പ് കേരള തീരദേശ വികസന കോർപ്പറേഷനെ (KSCADC) 25.10.2022-ലെ G.O(Rt) 952/2021/PWD പ്രകാരം നിയോഗിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നപടികൾക്കായി കല്ലിട്ടയിടങ്ങളിൽ KSCADC ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇതിനുപുറമേ സാമൂഹികകാഘാത പഠനവും പബ്ലിക് ഹിയറിംഗും നടത്തിയാണ് സ്ഥലം ഏറ്റെടുക്കുക. ഇതിനോടൊപ്പം ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ മുഖാന്തരം പാരിസ്ഥിതിക ആഘാത പഠനവും നടത്തുന്നുണ്ട്.

**റവന്യൂ (ബി) വകുപ്പ്**

പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി പരിസ്ഥിതി വകുപ്പിന് കൈമാറിയിട്ടുണ്ട്.

**പരിസ്ഥിതി (ബി) വകുപ്പ്**

നിലവിൽ NABET ( National Accreditation Board for Education) accreditation) ഉള്ള കൺസൾട്ടന്റുമാരും, റിസോഴ്സ് ക്വാളിഫൈഡ് പേഴ്സൺസും (RQP) ആണ് പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നത്. പരിസ്ഥിതി വകുപ്പിന് കീഴിലുള്ള സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പാരിസ്ഥിതിക ആഘാത പഠനം നടത്തുന്നില്ല. കൂടാതെ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകൾ ഒന്നും പാരിസ്ഥിതിക അനുമതിക്കായി സംസ്ഥാന പരിസ്ഥിത ആഘാത നിർണ്ണയ അതോറിറ്റിയിൽ ലഭിച്ചിട്ടില്ല.

**പരിസ്ഥിതി (ബി) വകുപ്പ് (നാളതീകരിച്ച നടപടി റിപ്പോർട്ട്)**

EIA (Environmental Impact Assessment) നോട്ടിഫിക്കേഷൻ ഷെഡ്യൂൾഡ് ആക്റ്റിവിറ്റി 7(f) പ്രകാരം എല്ലാ പുതിയ സ്റ്റേറ്റ് ഹൈവേ പദ്ധതികൾക്കും, സ്റ്റേറ്റ് ഹൈവേയുടെ വിപുലീകരണ പദ്ധതികൾക്കും (1000 മീറ്റർ AMSL (Above Mean Sea Level)-നു മുകളിൽ) അല്ലെങ്കിൽ പരിസ്ഥിതി ലോല

പ്രദേശങ്ങളിലൂടെയുള്ള പദ്ധതികൾക്കും സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ മുൻകൂർ പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടത് നിർബന്ധമായിരിക്കുന്നു.

അതിനാൽ തീരദേശ ഹൈവേ പദ്ധതി പാരിസ്ഥിതികാനുമതി ആവശ്യമായ 7(f) വിഭാഗത്തിൽ ഉൾപ്പെടുന്നവയാണെങ്കിൽ അതിനുള്ള മുൻകൂർ പാരിസ്ഥിതികാനുമതി നേടേണ്ടതുണ്ട്, അത്തരമൊരു അപേക്ഷ സമർപ്പിക്കുമ്പോൾ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാവ്യതിയാന മന്ത്രാലയം പ്രസിദ്ധീകരിച്ച Standard Operating Procedure (SoP) അനുസരിച്ചും മറ്റ് site-specific പഠനങ്ങൾ സഹിതമായ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ടും, ജനസമ്മേളനം (Public Consultation) എന്നിവയും നടത്തിയതിന് ശേഷമായിരിക്കണം.

പ്രസ്തുത അപേക്ഷകൾ വിദഗ്ധ വിലയിരുത്തൽ സമിതി വിലയിരുത്തുമ്പോൾ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2019-21) യുടെ 23-ാമത് റിപ്പോർട്ടിലെ തീരദേശ ഹൈവേ സംബന്ധിച്ച ഖണ്ഡിക '8'-ലെ ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്ന തരത്തിൽ എല്ലാ തലങ്ങളും പരിശോധിക്കുകയും അതതു പ്രദേശത്തിനനുസരിച്ച പദ്ധതി മൂലമുണ്ടായേക്കാവുന്ന ആഘാതം കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിബന്ധനകളായി നൽകുകയും ചെയ്യാറുണ്ട്.

അതു കൂടാതെ പദ്ധതി തീരദേശ മേഖലയിലാണെങ്കിൽ കേരള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ ശിപാർശയും നിർബന്ധമായും പരിഗണിക്കപ്പെടേണ്ടതുണ്ട്.

## <u>ശിപാർശ 7 (ഖണ്ഡിക 9)</u>

കണ്ടൽക്കാടുകൾ, പവിഴപ്പുറ്റുകൾ, മത്സ്യങ്ങളുടെ പ്രജനന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ഭാഗങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിലായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. വികസനം പരിസ്ഥിതിയുടെ സംതുലനാവസ്ഥയെ ഹോമിച്ചുകൊണ്ടാകാൻ പാടില്ല. നിർമ്മാണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ ഇത് സംബന്ധിച്ച് നിയമ പ്രശ്നങ്ങൾ ഉണ്ടായാൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തെ അത് ബാധിച്ചേക്കാവുന്നതാണ്. ആയതിനാൽ പരിസ്ഥിതി വകുപ്പിന്റെ <u>തീരദേശ പരിപാലന മേഖല (Coastal Regulation Zone) സംബന്ധിച്ചുള്ള അനുമതി പത്രം ഉറപ്പുവരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

**<u>പൊതുമരാമത്ത് (ജി) വകുപ്പ്</u>**

പാരിസ്ഥിതിക ആഘാത പഠനത്തിന് പുറമേ CRZ (Coastal Regulation Zone) മാനദണ്ഡങ്ങൾ അനുസരിച്ച് കേരള സ്റ്റേറ്റ് കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) മുഖാന്തരം ക്ലിയറൻസ് നേടിയതിനുശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ.

**<u>പരിസ്ഥിതി (ബി) വകുപ്പ്</u>**

CRZ (Coastal Regulation Zone) മേഖലയിലെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും കേരള തീരദേശ പരിപാലന അതോറിറ്റിയുടെയോ തീരദേശ പരിപാലന അതോറിറ്റിയുടെ ശിപാർയോടെ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റേയോ അനുമതി ആവശ്യമാണ്.

ഇക്കാര്യം ഉറപ്പുവരുത്തുന്നതാണ്.

## ശിപാർശ 8 (ഖണ്ഡിക 10)

തീരദേശ റോഡുകൾ കടലോരവുമായി ചേർന്ന പ്രദേശത്തായതിനാൽ കടലാക്രമണ ഭീഷണി ഏറെയുള്ളവയാണ്. കൊല്ലം, ആലപ്പുഴ, മലപ്പുറം മുതലായ ജില്ലകളിലെ തീരപ്രദേശത്ത് പല ഭാഗങ്ങളിലും രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നതിനാൽ ആയത് തടയുന്നതിനായി തീരദേശ റോഡുകൾക്ക് സമാന്തരമായി പുലിമുട്ടുകൾ നിർമ്മിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കടലാക്രമണം നേരിടുന്ന ഭാഗങ്ങളിൽ കടൽ ഭിത്തികൾ നിർമ്മിച്ച് റോഡിനെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ തീരദേശ ഹൈവേ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുമ്പോൾ തന്നെ ഉൾപ്പെടുത്തേണ്ടതാണെന്നും തീരദേശ ഹൈവേയുടെ ദീർഘകാല സുരക്ഷ ഉറപ്പാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

ആലപ്പുഴ, കൊല്ലം, മലപ്പുറം ഹൈവേ കടന്നുപോകുന്ന ഭാഗങ്ങളിൽ അനുയോജ്യമായ തീരസംരക്ഷണ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേ ഡി.പി.ആർ. തയ്യാറാക്കുന്നത്.

## ശിപാർശ 9 (ഖണ്ഡിക 11)

ഏഷ്യയിലെ തന്നെ ഏറ്റവും ജനസാന്ദ്രത കൂടിയ മേഖലകളിൽ ഒന്നാണ് കേരളത്തിലെ തീരപ്രദേശങ്ങൾ. ഈ ഭാഗത്ത് ഹൈവേ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുമ്പോൾ മത്സ്യത്തൊഴിലാളികളടക്കം നിരവധി ആളുകളെ ബാധിക്കുന്നതും വീടുകളും കെട്ടിടങ്ങളും പൊളിക്കേണ്ടിവരുന്നതുമാണ്. ഹൈവേയുടെ വീതിയായി ജനസാന്ദ്രതയുടെ അടിസ്ഥാനത്തിൽ നാറ്റ്പാക്ക് ശിപാർശ ചെയ്തിട്ടുള്ളത് 7 മീറ്റർ, 8 മീറ്റർ, 12 മീറ്റർ എന്ന രീതിയിലും കിഫ്ബിയുടെ മാനദണ്ഡ പ്രകാരം 14 മീറ്ററുമാണ്. തീരദേശ ഹൈവേ നിർമ്മാണത്തിനായി 8 മീറ്റർ വീതി കണക്കാക്കി സ്ഥലമേറ്റെടുത്ത ശേഷം പിന്നീട് 12 മീറ്ററാക്കി മാറ്റുകയും വളരെ അധികം പരിശ്രമഫലമായി പ്രസ്തുത വിതിയിൽ സ്ഥലം ലഭ്യമായപ്പോൾ തുടർന്ന് 14 മീറ്റർ വീതി ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്തത് ജനങ്ങളുടെ രൂക്ഷമായ എതിർപ്പിന് കാരണമായിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. തീരദേശ ഹൈവേയുടെ വീതിയെ സംബന്ധിച്ച് കിഫ്ബി ഏറ്റവും ഒടുവിലായി നിർദ്ദേശിച്ചിട്ടുള്ളത് 15.6 മീറ്റർ ആണ്. ജനസാന്ദ്രത വളരെ കൂടുതലുള്ള തീരപ്രദേശങ്ങളിൽ ഈ വീതിയിൽ ഭൂമി ഏറ്റെടുക്കുക എന്നത് വളരെയധികം ക്ലേശകരമായിരിക്കും. വികസനത്തിനോടൊപ്പം ജനഹിതവും മാനിക്കപ്പെടേണ്ടതുണ്ട്. കിഫ്ബി ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ 15.6 മീറ്റർ വീതിയിൽ തീരദേശ ഹൈവേയ്ക്കായി ഭൂമി ഏറ്റെടുക്കുന്നത് വളരെയധികം പ്രയാസമേറിയതും ഈ പദ്ധതി പൂർത്തീകരണത്തിന് വളരെയധികം കാലതാമസം സൃഷ്ടിക്കുന്നതുമാണെന്ന് സമിതി മനസ്സിലാക്കുന്നു. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ സ്റ്റാൻഡേർഡ് അനുസരിച്ച് നാറ്റ്പാക്ക് ശിപാർശ ചെയ്തിരിക്കുന്ന പ്രകാരം റോഡ് നിർമ്മിക്കാൻ ബുദ്ധിമുട്ടില്ലെന്നും ആയതിനാൽ നാറ്റ്പാക്ക് സമർപ്പിച്ചിരിക്കുന്ന മാനദണ്ഡ പ്രകാരമുള്ള ഹൈവേ നിർമ്മിക്കുന്നതാണ് പ്രായോഗികമെന്നതിനാൽ അതിന്റെ

<u>അടിസ്ഥാനത്തിലും ജനസാന്ദ്രത കുറവുള്ളതും ഭൂമി വിട്ടുകിട്ടാൻ ബുദ്ധിമുട്ടില്ലാത്തതുമായ പ്രദേശങ്ങളിൽ 12 മീറ്റർ വീതിയിലും ഭൂമി ഏറ്റെടുക്കൽ നടത്തുന്നതിനായി സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

ആദ്യഘട്ടത്തിൽ 12M വീതിയിൽ തീരദേശഹൈവേ നിർമ്മിക്കുവാനായിരുന്നു വിഭാവനം ചെയ്തിരുന്നതെങ്കിലും പദ്ധതിയുടെ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് സൈക്കിൾ ട്രാക്ക് കൂടി ഉൾപ്പെടുത്തുവാൻ ഉന്നതതല തീരുമാനമെടുത്തു. വാഹന ഗതാഗതത്തിന് 7 മീറ്റർ ക്യാരേജ് വേ, ഇരുവശത്തും 1.5 മീറ്റർ ഷോൾഡർ, ഇരുവശത്തും 1.55 മീറ്റർ നടപ്പാത, അതിനടിയിൽ ഡ്രൈനേജ് സംവിധാനം, ഒരു വശത്ത് 2.5 മീറ്റർ സൈക്കിൾ ട്രാക്ക് എന്നിവ ഉൾപ്പെടെ 15.6 മീറ്റർ വീതിയിലാണ് നിലവിൽ തീരദേശ ഹൈവേയുടെ രൂപകൽപ്പന. ജനസാന്ദ്രത ഏറിയ ഇടങ്ങളിൽ സ്ഥലം ഏറ്റെടുക്കലിൽ പരിമിതികൾ കണക്കിലെടുത്ത് ഷോൾഡർ, നടപ്പാത എന്നിവയുടെ വീതി കുറച്ച് 14 മീറ്ററിലാണ് രൂപകൽപ്പന.

## ശിപാർശ 10 (ഖണ്ഡിക 12)

അശാസ്ത്രീയമായ രീതിയിലുള്ള റോഡ് നിർമ്മാണം പലപ്പോഴും റോഡുകളിൽ ഗതാഗതക്കുരുക്കിന് കാരണമാകാറുണ്ട്. <u>ഒരു പ്രദേശത്തെ റോഡുഗതാഗത സംവിധാനങ്ങൾ, പ്രദേശത്തെ അപകട സാധ്യതാ മേഖലകൾ, നിർദ്ദിഷ്ട ഹൈവേയിലേയ്ക്ക് വന്നുചേരുന്ന ലിങ്ക് റോഡുകൾ തുടങ്ങിയവയെ കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയ ശേഷം അലൈൻമെന്റ് നിശ്ചയിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC) നിഷ്കർഷിക്കുന്ന ട്രാഫിക് സർവ്വേകൾ, Demand Assessment എന്നിവ നടത്തിയും അപകട സാധ്യതാ മേഖലകൾ കണ്ടെത്തിയും റോഡിലുള്ള വളവുകൾ നിവർത്തിയും ബസ് വേകൾ പ്രത്യേകം വിഭാവനം ചെയ്തുമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്. ലിങ്ക് റോഡുകൾ ഹൈവേയിൽ ചേരുന്നിടത്ത് അനുയോജ്യമായ ജംഗ്ഷൻ വികസനവും ഡി.പി.ആറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ശിപാർശ 11 (ഖണ്ഡിക 13)

12 മീറ്റർ വീതിയിൽ അലൈൻമെന്റ് നിശ്ചയിച്ചാൽ പോലും വലിയതോതിൽ ജനങ്ങളെ പുനരധിവസിപ്പിക്കേണ്ടതായും കെട്ടിടങ്ങൾ പൊളിക്കേണ്ടതായും വരുമെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ ജനസാന്ദ്രത കൂടുതൽ ഉള്ള മേഖലകളിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

കൊല്ലം ജില്ലയിലെ തങ്കശ്ശേരി, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന തരത്തിലാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

**ശിപാർശ 12 (ഖണ്ഡിക 14)**

ജനസാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിൽ തീരദേശ ഹൈവേ മുറിച്ചു കടക്കുന്നതിന് ആളുകൾക്ക് ബുദ്ധിമുട്ടുകൾ നേരിടുമെന്നതിനാൽ അത്തരം പ്രദേശങ്ങൾ കണ്ടെത്തി പ്രദേശത്തിന്റെ സാഹചര്യം കണക്കിലെടുത്ത് മേൽപ്പാലം, അണ്ടർ പാസ്സ് (തുരങ്കപാത) മുതലായവ ഹൈവേ നിർമ്മാണത്തോടൊപ്പം തന്നെ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പൊതുമരാമത്ത് (ജി) വകുപ്പ്**

കൊല്ലം ജില്ലയിലെ തങ്കശ്ശേരി, മലപ്പുറം ജില്ലയിലെ താനൂർ എന്നിവിടങ്ങളിൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന തരത്തിലാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

**ശിപാർശ 13 (ഖണ്ഡിക 15)**

തീരദേശ ഹൈവേ നിർമ്മാണം പോലെ പൊതുജനങ്ങളെ നേരിട്ട് ബാധിക്കുന്നതും ഒഴിപ്പിക്കൽ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായ വിഷയങ്ങളിൽ തീരുമാനമെടുക്കുമ്പോൾ പൊതുജനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എം.എൽ.എ.മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. ആയത് പ്രസ്തുത പദ്ധതികൾ ക്ലേശരഹിതമായി നടപ്പിലാക്കുന്നതിന് സഹായകരമാകും. ആയതിനാൽ തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യാനായി വിളിച്ച് ചേർക്കുന്ന യോഗങ്ങളിൽ അലൈൻമെന്റ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട എം.എൽ.എ. മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾക്ക് ലഭ്യമാക്കിയ ശേഷം അവരുടെ അഭിപ്രായങ്ങൾ കൂടി കേൾക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**റവന്യൂ (ബി) വകുപ്പ്**

പ്രസ്തുത ശിപാർശ തുടർനടപടികൾക്കായി അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കല്ലിടൽ ആരംഭിക്കുവാൻ പുറപ്പെടുവിക്കുന്ന 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് കല്ലിടൽ ആരംഭിക്കുന്നിടങ്ങളിൽ തദ്ദേശ ജനപ്രതിനിധികൾ, MLA എന്നിവരുമായി

ആലോചിച്ചും സ്ഥല സന്ദർശനം നടത്തിയുമാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

## ശിപാർശ 14 (ഖണ്ഡിക 16)

തീരദേശ ഹൈവേയ്ക്കായി തയ്യാറാക്കുന്ന അലൈൻമെന്റ് നിശ്ചയിച്ചു വരുമ്പോൾ തൊട്ടടുത്ത് നിശ്ചിത വീതിയിലുള്ള റോഡുണ്ടെങ്കിൽ അത് നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിനോട് ബന്ധിപ്പിക്കാൻ കഴിഞ്ഞാൽ അത്രയും ചെലവ് കുറയ്ക്കാനും ജനങ്ങളുടെ പുനരധിവാസമുൾപ്പെടെയുള്ള കാര്യങ്ങൾ ഒഴിവാക്കാനും കഴിയും എന്നതിനാൽ അപ്രകാരം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

നിലവിലെ തീരദേശറോഡുകൾ വീതി കൂട്ടി ഉപയോഗിക്കുവാൻ സാധിക്കുന്ന തരത്തിലാണ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നത്. നിലവിൽ ഉപയോഗപ്രദമായ തീരദേശ റോഡില്ലാത്ത ഇടങ്ങളിൽ മാത്രമാണ് പുതിയ റോഡ് നിർമ്മിക്കുന്നത്.

## ശിപാർശ 16 (ഖണ്ഡിക 18)

മറ്റ് റോഡുകൾ തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുന്ന ഭാഗങ്ങളിൽ വാഹനങ്ങളുടെ തിരക്കുമൂലം പലപ്പോഴും ഗതാഗതക്കുരുക്ക് രൂക്ഷമായി അനുഭവപ്പെടാറുണ്ട്. തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുന്ന മറ്റുറോഡുകൾ ഏകദേശം ഒരു കിലോമീറ്റർ ദൂരമെങ്കിലും കുറഞ്ഞത് 12 മീറ്റർ വീതിയിൽ നിർമ്മിക്കേണ്ടതാണെന്നും മറ്റ് റോഡുകളെ ഹൈവേയുമായി ബന്ധിപ്പിക്കുന്ന റോഡുകളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിനായി വേഗതനിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

ദേശീയപാത അടക്കമുള്ള മറ്റ് റോഡുകൾ തീരദേശ ഹൈവേയിൽ ചേരുന്ന ഇടങ്ങളിലെ ജംഗ്ഷനുകൾ IRC (Indian Roads Congress) മാനദണ്ഡങ്ങൾ പ്രകാരം ഡിസൈൻ ചെയ്താണ് നിർമ്മിക്കുന്നത്.

## ശിപാർശ 17 (ഖണ്ഡിക 19)

രാത്രികാലങ്ങളിലുണ്ടാകുന്ന മിക്ക അപകടങ്ങൾക്കും കാരണം വഴിവിളക്കിന്റെ അഭാവം ആണ്. റോഡുകളിലെ വെളിച്ചക്കുറവുമൂലം റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാരെയും ഇരുചക്ര വാഹനങ്ങളേയും ദൂരക്കാഴ്ചയിൽ കാണാൻ സാധിക്കാതെ വരുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു. ആയതിനാൽ റോഡ് നിർമ്മാണത്തോടൊപ്പം തന്നെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും തുടർന്നുള്ള അവയുടെ പരിപാലനം സംബന്ധിച്ച കരാറും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ജി) വകുപ്പ്**

വഴിവിളക്കുകൾ അടക്കമുള്ള ട്രാഫിക് സേഫ്റ്റി പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി തയ്യാറാക്കുന്നത്.

**ശിപാർശ 18 (ഖണ്ഡിക 20)**

തീരദേശ ഹൈവേ യാഥാർത്ഥ്യമാകുന്നതോടുകൂടി പ്രസ്തുത പ്രദേശങ്ങളിലെ വാഹനപ്പെരുപ്പത്തെ തുടർന്നുണ്ടാവുന്ന പുക, പൊടിപടലങ്ങൾ എന്നിവ വായു മലിനീകരണത്തിന് കാരണമാകുന്നതാണ്. വായുമലിനീകരണം കുറയ്ക്കുന്നതിനും തീരദേശ ഹൈവേയുടെ സൗന്ദര്യവത്കരണത്തിനും ചൂടിനെ പ്രതിരോധിക്കുന്നതിനുമായി ഹൈവേയുടെ ഇരുവശങ്ങളിലും സ്ഥലലഭ്യത അനുസരിച്ച് മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പൊതുമരാമത്ത് (ജി) വകുപ്പ്**

പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ ഘട്ടത്തിൽ തന്നെ ടൂറിസം വകുപ്പുമായി ചേർന്ന് സ്ഥല സന്ദർശനങ്ങൾ, സാധ്യത പഠനം എന്നിവ നടത്തുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബീച്ച് സൗന്ദര്യവൽക്കരണ പ്രവർത്തികൾ, സഞ്ചാരി സൗഹൃദ കേന്ദ്രങ്ങൾ എന്നിവ തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മിക്കും.

## അദ്ധ്യായം – III
## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അധികവിവരം ആവശ്യപ്പെട്ടവയും ഇനിയും മറുപടി ലഭ്യമാക്കാത്തതുമായവ

**ശിപാർശ 15 (ഖണ്ഡിക 17)**

കേരളത്തിലെ തീരദേശവുമായി ബന്ധപ്പെട്ട മിക്ക റോഡുകളും പരിതാപകരമായ അവസ്ഥയിലാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിർമ്മിക്കുന്ന ടി റോഡുകൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് ഗ്യാരന്റിയുണ്ടെന്നും ഗ്യാരന്റി കാലയളവ് കഴിയുന്നത് വരെ അവരാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടതെന്നും സമിതി മനസ്സിലാക്കുന്നു . എന്നാൽ തീരദേശവുമായി ബന്ധപ്പെട്ട ടി റോഡുകളുടെ പരിപാലനത്തിൽ കൺസ്ട്രക്ഷൻ കോർപ്പറേഷൻ കുറ്റകരമായ അനാസ്ഥ കാണിക്കുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ മറ്റേതെങ്കിലും ഏജൻസിയെ പ്രസ്തുത ചുമതല ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

എസ്.സി/എസ്.ടി വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും കെട്ടിടം നിർമ്മാണ പ്രവർത്തനങ്ങൾക്ക് PMC ആയും കെട്ടിട നിർമ്മാണത്തിനായി കിഫ്ബി ധനസഹായത്തോടെ SPV ആയും മാത്രമാണ് ഇപ്പോൾ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവർത്തിക്കുന്നത് .ശിപാർശയിൽ പരാമർശിക്കുന്ന റോഡുകൾ ഒന്നും കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന പ്രവൃത്തികൾ നടപ്പാക്കിയതല്ല. യോഗ്യമായ

കരാറുകാരിൽ നിന്ന് ഇ-ടെൻഡറുകൾ ക്ഷണിക്കുകയും തിരഞ്ഞെടുത്ത കരാറുകാർ മുഖേന പ്രവർത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുള്ളവയാണ്. തീരദേശ ഹൈവേയുടെ പ്രവൃത്തി നടപ്പിലാക്കുന്നത് കേരളാ റോഡ് ഫണ്ട് ബോർഡാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനേയോ, കേരള റോഡ് ഫണ്ട് ബോർഡിനേയോ തീരദേശവുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ചുമതലപ്പെടുത്തേണ്ട ഉത്തരവാദിത്വം പൊതുമരാമത്ത് വകുപ്പിനുണ്ടെന്ന് നിരീക്ഷിച്ച സമിതി അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിനോട് നിർദ്ദേശിച്ചു.

## ശിപാർശ 19 (ഖണ്ഡിക 21)

തീരദേശഹൈവേ പ്രവർത്തനക്ഷമമാകുന്നതോടുകൂടി പ്രസ്തുത ഹൈവേയിലൂടെ കടന്നുപോകുന്ന വാഹനങ്ങളിൽ ദീർഘദൂര യാത്ര ചെയ്യുന്ന സ്ത്രീകളും കുട്ടികളും അടക്കമുള്ള യാത്രക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ വരുന്നത് ബുദ്ധിമുട്ടുണ്ടാക്കാവുന്നതാണ്. ആയതിനാൽ ടൂറിസം വകുപ്പിന്റെ 'വഴിയോരം' പദ്ധതിയുമായും മറ്റും ബന്ധപ്പെടുത്തി ശുചിമുറികൾ, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ മുൻകരുതൽ ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### വിനോദസഞ്ചാര (സി) വകുപ്പ്

തീരദേശ ഹൈവേക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ ഇക്കാര്യം കൂടി പരിഗണിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് ചീഫ് എഞ്ചിനീയർക്ക് വിനോദസഞ്ചാര വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ശുചിമുറികൾ, വിശ്രമ കേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വിനോദ സഞ്ചാര വകുപ്പിന്റെ ചുമതലയിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

വിനോദസഞ്ചാര (സി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി, വഴിയോര വിശ്രമ കേന്ദ്രങ്ങളിൽ ശൗചാലയങ്ങളും ചെറിയൊരു വിശ്രമമുറിയും സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

### വിനോദസഞ്ചാര (സി) വകുപ്പ് ലഭ്യമാക്കിയ അധികവിവിര റിപ്പോർട്ട്

സംസ്ഥാനത്തെ തീരദേശ തദ്ദേശസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ദേശീയ സംസ്ഥാന ഹൈവേകളുടെ സമീപ പ്രദേശങ്ങളിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം ആധുനിക സൗകര്യങ്ങളോടു കൂടിയ ടോയ്‌ലറ്റുകൾ ഉൾപ്പെടെയുള്ള ടോയ്‌ലറ്റ് സമുച്ചയങ്ങളും വിശ്രമ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതും ഇതനുസരിച്ച് വിവിധ തദ്ദേശസ്ഥാപനങ്ങൾ 'ടേക്ക് എ ബ്രേക്ക്' ടോയ്‌ലറ്റുകൾ

ഇതിനോടകം പൂർത്തീകരിച്ച് ഉപയോഗിച്ച് വരുന്നുമുണ്ട്.

തീരദേശ ഹൈവേ കടന്നുപോകുന്ന ഇടങ്ങളിൽ ടൂറിസം വകുപ്പിന് കീഴിലുള്ള വഴിയോര വിശ്രമ കേന്ദ്രങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലയുടെ പേര് | പദ്ധതി |
|---|---|---|
| 1. | തിരുവനന്തപുരം | ***ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്*** - മുതലപ്പൊഴി ടേക്ക് എ ബ്രേക്ക് പദ്ധതി നിർമ്മാണ ഘട്ടത്തിൽ. |
| 2. | കൊല്ലം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |
| 3. | പത്തനംതിട്ട | തീരദേശ ഹൈവേ കടന്നു പോകുന്നില്ല. |
| 4. | ആലപ്പുഴ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |
| 5. | കോട്ടയം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |
| 6. | ഇടുക്കി | തീരദേശ ഹൈവേ കടന്നു പോകുന്നില്ല. |
| 7. | എറണാകുളം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |
| 8. | തൃശ്ശൂർ | **ചാവക്കാട് നഗരസഭ –** കോർട്ട് കോംപ്ലക്സിൽ ടേക്ക് എ ബ്രേക്ക്. പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ടോയ്‌ലറ്റ് നവീകരണം.<br><br>**കൊടുങ്ങല്ലൂർ നഗരസഭ** - പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ടോയ്‌ലറ്റ് നവീകരണം, ശൃംഗപുരം ജംഗ്ഷനിൽ ടോയ്‌ലറ്റ് നവീകരണം, ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ ടേക്ക് എ ബ്രേക്ക്<br><br>***കടപ്പുറം ഗ്രാമ പഞ്ചായത്ത്*** - പഞ്ചായത്ത് ഓഫീസിൽ ടേക്ക് എ ബ്രേക്ക്<br><br>***ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്*** - പഞ്ചായത്ത് ഓഫീസിൽ ടോയ്‌ലറ്റ് നവീകരണം<br><br>***പുന്നയൂർകുളം ഗ്രാമ പഞ്ചായത്ത്*** - അടത്തോട് എൻ.എച്ച്. സമീപം ടേക്ക് എ ബ്രേക്ക്<br><br>***മതിലകം ഗ്രാമ പഞ്ചായത്ത്*** - മാർക്കറ്റിലെ ടോയ്‌ലറ്റ് റിനോവേഷൻ, ബസ്സ്റ്റോപ്പിൽ ടോയ്‌ലറ്റ് റിനോവേഷൻ<br><br>***പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത്*** - പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് നിർമ്മാണം<br><br>***ശ്രീനാരായണപുരം ഗ്രാമ പഞ്ചായത്ത്*** - ശ്രീനാരായണപുരം മാർക്കറ്റിൽ ടോയ്‌ലറ്റ് പുനരുദ്ധാരണം<br><br>***എടവിലങ്ങ് ഗ്രാമ പഞ്ചായത്ത്*** - 5 പൊതുശൗചാലയങ്ങളുടെ പുനരുദ്ധാരണം |
| 9. | പാലക്കാട് | തീരദേശ ഹൈവേ കടന്നു പോകുന്നില്ല. |
| 10. | മലപ്പുറം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |

| | | |
|---|---|---|
| 11. | കോഴിക്കോട് | ബട്ട് റോഡ് ബീച്ച്, കോഴിക്കോട് കോർപ്പറേഷൻ, ചെമ്മഞ്ചേരി ബീച്ചിലെ കാപ്പാട് ബീച്ച് പബ്ലിക് ടോയ്‌ലറ്റ് (കെ.റ്റി.ഡി.സി.) |
| 12. | വയനാട് | തീരദേശ ഹൈവേ കടന്നു പോകുന്നില്ല. |
| 13. | കണ്ണൂർ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |
| 14. | കാസർഗോഡ് | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കിയിട്ടില്ല. |

### സമിതി ആവശ്യപ്പെട്ട അധിക വിവരം

സമിതി നാഷണൽ ഹൈവേ അതോറിറ്റിയുമായി ആലോചിച്ച് ദേശീയ സംസ്ഥാന ഹൈവേകളുടെ സമീപ പ്രദേശങ്ങളിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതിപ്രകാരം ആധുനിക സൗകര്യങ്ങളോടുകൂടിയ ടോയ്‌ലെറ്റുകളുൾപ്പെടെയുള്ള വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിക്കുവാൻ തീരുമാനിച്ചു. കൂടാതെ, ഈ വിഷയത്തിൽ സമിതി ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യമായ മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ വകുപ്പിനോട് ആവശ്യപ്പെടുവാനും തീരുമാനിച്ചു.

### ഖണ്ഡിക 21-ന്മേൽ മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട്

ആലപ്പുഴ തുറമുഖത്തെ ബീച്ചിന്റെ വടക്ക ഭാഗത്തായും ഓപ്പൺ സ്റ്റേജിനും വിജയ് പാർക്കിനും ഇടയിലും കടൽപ്പാലത്തിനു തൊട്ട് വടക്ക ഭാഗത്തായും DTPCയുടെ രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകളും തുറമുഖ ബീച്ചിന് തെക്ക് ബഹു. കെ. സി. വേണുഗോപാൽ എം.പി.യുടെ വികസന ഫണ്ടിൽ നിന്നുള്ള തുക ചെലവഴിച്ചു നിർമ്മിച്ച ഒരു ടോയ്‌ലറ്റ് ബ്ലോക്കും ആലപ്പുഴ ബീച്ചിൽ എത്തിച്ചേരുന്ന വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കും ഉപയോഗിക്കുവാൻ സജ്ജമാണെന്നും തുറമുഖ ഓഫീസിനു തെക്ക് റോഡിനോട് ചേർന്ന് ആലപ്പുഴ നഗരസഭയുടെ ഡോർമിറ്ററി-കം-ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം പൂർത്തിയാക്കി ഉടൻ പ്രവർത്തന സജ്ജമാകുന്ന തുറമുഖ ബീച്ചിൽ തെക്കേ അറ്റത്തായി ആലപ്പുഴ നഗരസഭയുടെ കീഴിൽ അമൃതം പദ്ധതിയിൽ ഉൾപ്പെടുത്തി കാറ്റാടി മരങ്ങൾക്കിടയിൽ പാർക്ക് & പച്ചത്തുരുത്ത് നിർമ്മാണം അന്തിമ ഘട്ടത്തിലാണെന്നും തുറമുഖ ഓഫീസിനു മുൻഭാഗത്തെ ബീച്ചിൽ റോഡിനോട് ചേർന്ന് സൗന്ദര്യവത്കരണത്തിന്റെ ഭാഗമായി DTPCയുടെ നേതൃത്വത്തിൽ തണൽ മരങ്ങൾ വച്ചുപിടിപ്പിട്ടുണ്ടെന്നുമുള്ള ആലപ്പുഴ പോർട്ട് ഓഫീസറുടെ റിപ്പോർട്ട് പരിഗണിച്ചാണ് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിയമസഭാ സമിതിയ്ക്കുള്ള റിപ്പോർട്ട് തയ്യാറാക്കിയതെന്നും ആയത് സമിതിയെ മന:പൂർവ്വം തെറ്റിധരിപ്പിക്കുന്നതിനു വേണ്ടി ആയിരുന്നില്ലെന്നും കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 23-ാമത് റിപ്പോർട്ടിലെ ശിപാർശ 22 പ്രകാരം, തീരദേശ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപനപരമായ പ്രവർത്തനം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തീരദേശ ഹൈവേ കടന്നുപോകുന്ന തുറമുഖ ഓഫീസിന്റെ മുൻഭാഗത്തും പരിസര പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ടോയ്‌ലറ്റ് ബ്ലോക്ക്, തണൽമരങ്ങൾ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കിയ സ്കെച്ചും അനുബന്ധമായി ചേർത്തിട്ടുണ്ട്.

### • സമിതി ആവശ്യപ്പെട്ട അധിക വിവരം

തീരദേശ ഹൈവേയിലൂടെ കടന്നുപോകുന്ന ദീർഘദൂര യാത്രക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന

ഖണ്ഡിക നം. 21-ലെ സമിതി ശിപാർശയിന്മേൽ ഡി.ടി.പി.സി. സ്വീകരിച്ച നടപടികളാണ് മറുപടിയായി മത്സ്യബന്ധന തുറമുഖവകുപ്പ് ലഭ്യമാക്കിയിരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയ സമിതി പ്രസ്തുത വിഷയത്തിൽ വകുപ്പിന്റേതായ മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

തീരദേശ ഹൈവേയിലൂടെ കടന്നുപോകുന്ന ദീർഘദൂര യാത്രക്കാർക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ കീഴിൽ യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

ഖണ്ഡിക നം.21-ലെ ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ, ഹൈവേയ്ക്ക് സ്ഥലമേറ്റെടുക്കുമ്പോൾത്തന്നെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ശുചിമുറികൾ, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാവശ്യമായ സ്ഥലംകൂടി ഏറ്റെടുക്കണമെന്ന് പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുവാനും സമിതി തീരുമാനിച്ചു.

## ശിപാർശ 20 (ഖണ്ഡിക 22)

തീരദേശ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉൾപ്പെട്ട വരുന്ന പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, തുറമുഖ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ ഏകോപനപരമായ പ്രവർത്തനം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന്റെ ഓരോഘട്ടത്തിലും ഓരോ വകുപ്പിന്റെയും പ്രവർത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളെ അറിയിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പദ്ധതിയുടെ നടത്തിപ്പിന് ഏറെ സഹായകരമായിരിക്കും എന്നതിനാൽ അപ്രകാരം ചെയ്യേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ(ബി) വകുപ്പ്**

പ്രസ്തുത ശിപാർശ തുടർ നടപടികൾക്കായി അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്.

**പൊതുമരാമത്ത് (ജി) വകുപ്പ്**

വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിന്, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രി എന്നിവർ പദ്ധതി വിലയിരുത്തൽ യോഗങ്ങൾ നടത്തിവരുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരെ അടക്കം പങ്കെടുപ്പിച്ച് വിശകലന യോഗങ്ങൾ നടത്തി പോരുന്നു. ഇതിനെല്ലാം പുറമെ മുൻഗണന പദ്ധതികളിൽ ഉൾപ്പെടുത്തി ബഹു. മുഖ്യമന്ത്രിയും പദ്ധതി വിലയിരുത്തുന്നുണ്ട്.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

തീരദേശ ഹൈവേ കടന്നു പോകുന്ന ആലപ്പുഴ തുറമുഖ ഓഫീസിന്റെ മുൻഭാഗത്തും പരിസര

പ്രദേശങ്ങളിലും ടൂറിസം വകുപ്പിന്റെ കീഴിൽ ശുചിമുറുകൾ സ്ഥാപിക്കുകയും തണൽ മരങ്ങൾ വച്ചു പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ഖണ്ഡിക നം. 22-ലെ ശിപാർശയിന്മേൽ മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടിലെ വസ്തുതകൾ അടിസ്ഥാന രഹിതമാണെന്ന് നിരീക്ഷിച്ച സമിതി, അവ വിശദമായി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടുവാനും ഇക്കാര്യം സംബന്ധിച്ച്, പൊതുമരാമത്ത്, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും അടിയന്തരമയി റിപ്പോർട്ട് ലഭ്യമാക്കുവാനും നിർദ്ദേശിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സമിതിയുടെ ശിപാർശയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തീരദേശ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പാക്കുന്ന വേളയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം സാധ്യമാകുംവിധം പദ്ധതി നടത്തിപ്പിനായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും ടിയാന്റെ മൊബൈൽ നമ്പരും ഇ-മെയിൽ മേൽവിലാസവും ഓഫീസ് നമ്പരും മറ്റു വകുപ്പുകൾക്ക് കൈമാറേണ്ടതുമാണെന്നും, വകുപ്പുകൾ പരസ്പരം ബന്ധപ്പെട്ട് പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നുമുള്ള കർശന നിർദ്ദേശം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും ഹാർബർ എഞ്ചിനീയർക്കും നൽകിയിട്ടുണ്ട്.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ഖണ്ഡിക നം. 22-ലെ ശിപാർശയിന്മേൽ 05.03.2021-ന് വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് വസ്തുതാവിരുദ്ധമാണെന്ന് സമിതി ചൂണ്ടിക്കാട്ടിയ വിവരം വകുപ്പിനെ അറിയിച്ചിട്ടും വസ്തുതാവിരുദ്ധമായ റിപ്പോർട്ട് നൽകിയിതിനെക്കുറിച്ച് പരാമർശിക്കാതെ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് നേരത്തെ നൽകിയത് തന്നെ വീണ്ടും നല്കിയത് സംബന്ധിച്ച് വകുപ്പിനോട് വിശദീകരണം ആവശ്യപ്പെട്ടുവാൻ സമിതി തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 23-ാമത് റിപ്പോർട്ടിലെ ഖണ്ഡിക നം.22-ൽ പ്രതിപാദിക്കുന്ന തീരദേശ റോഡു നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സാധ്യമാകുംവിധം പദ്ധതി നടത്തിപ്പിനായി കേരള മാരിടൈം ബോർഡിൽനിന്നും ക്യാ. അശ്വിനി പ്രതാപ്, പോർട്ട് ഓഫീസർ, കോഴിക്കോട്-നെയും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽനിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ജ്യോതി എം. പി.യെയും (മൊബൈൽ നം. 9446093243, email, ID jyoyhimp69@gmail.com, office No. 0471-2459365) നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിനുമുമ്പ് കേരള മാരിടൈം ബോർഡ് ലഭ്യമാക്കിയ വിവരം 05.03.2021-ന് അറിയിച്ചത് സമിതിയെ മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതിന് വേണ്ടിയായിരുന്നില്ലായെന്നും ആയത് മാപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

ഖണ്ഡിക 22-ലെ ശിപാർശയിന്മേൽ അടിയന്തരമായി നടപടി റിപ്പോർട്ട് ലഭ്യമാക്കുവാൻ പൊതുമരാമത്ത് (പി.എസ്), റവന്യൂ (പി.എസ്.), തദ്ദേശസ്വയംഭരണ (ഡി.ബി.) എന്നീ വകുപ്പുകളോട് സമിതി ആവശ്യപ്പെട്ടു.

**കെ. കെ. ശൈലജ ടീച്ചർ,**
*ചെയർപേഴ്സൺ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2026 ഫെബ്രുവരി 24